8 th Chapter 13

# പുതിയ രാഷ്ട്രങ്ങൾ കെട്ടിപ്പടുക്കുന്നു

1. അമേരിക്കൻ സ്വാതന്ത്ര്യസമരം : പശ്ചാത്തലവും കാരണങ്ങളും

- 13 കോളനികൾ: 'പിൽഗ്രിം ഫാദേഴ്സ്' (Pilgrim Fathers) എന്നറിയപ്പെടുന്ന ഒരു കൂട്ടം പ്യൂരിറ്റൻ വിശ്വാസികൾ 'മെയ്ഫ്ലവർ' (Mayflower) എന്ന കപ്പലിൽ വടക്കേ അമേരിക്കയിലെത്തുകയും പ്ലിമൗത്ത് കോളനി സ്ഥാപിക്കുകയും ചെയ്തു.
- പിന്നീട്, പ്രധാനമായും ഇംഗ്ലീഷുകാർ അധിവസിക്കുന്ന 13 കോളനികൾ അവിടെ രൂപപ്പെട്ടു.

ബ്രിട്ടീഷ് നിയന്ത്രണം

- കോളനികളെ നിയന്ത്രിക്കാൻ ഇംഗ്ലണ്ട് രാജാവ് ഗവർണർമാരെ നിയമിച്ചു.
- അസംസ്കൃത വസ്തുക്കൾ ശേഖരിക്കാനും ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുമുള്ള കേന്ദ്രങ്ങളായാണ് ബ്രിട്ടൻ കോളനികളെ കണ്ടത് (മെർക്കന്റിലിസം).

അടിച്ചമർത്തുന്ന വ്യാപാര നിയമങ്ങൾ:

- ബ്രിട്ടീഷ് കപ്പലുകളിലോ കോളനി കപ്പലുകളിലോ മാത്രമേ സാധനങ്ങൾ കൊണ്ടുപോകാൻ പാടുള്ളൂ.
- കമ്പിളി, പുകയില തുടങ്ങിയ ഉൽപ്പന്നങ്ങൾ ഇംഗ്ലണ്ടിലേക്ക് മാത്രമേ അയക്കാൻ പാടുള്ളൂ.
- സ്റ്റാമ്പ് ആക്ട് (1765): നിയമപരമായ രേഖകൾക്കും ലഘുലേഖകൾക്കും നിശ്ചിത വിലയുള്ള സ്റ്റാമ്പ് നിർബന്ധമാക്കി.

ചിന്തകരുടെ സ്വാധീനം : കോളനി നിവാസികളെ അവരുടെ അവകാശങ്ങൾക്കായി പോരാടാൻ പ്രേരിപ്പിച്ച ചിന്തകർ:

- ജെയിംസ് ഓട്ടിസ്: "പ്രാതിനിധ്യമില്ലാതെ നികുതിയില്ല" (No taxation without representation).
- തോമസ് പെയ്ൻ: ഇംഗ്ലണ്ടിൽ നിന്ന് വേർപിരിയുന്നതാണ് ബുദ്ധിയെന്ന് വാദിച്ചു.
- ജോൺ ലോക്ക്: മൗലികാവകാശങ്ങൾ ലംഘിക്കാൻ ഒരു സർക്കാരിനും അവകാശമില്ലെന്ന് പ്രസ്താവിച്ചു.

പ്രധാന സംഭവങ്ങൾ:

- ബോസ്റ്റൺ ടീ പാർട്ടി (1773): തേയില നിയമത്തിൽ പ്രതിഷേധിച്ചു റെഡ് ഇന്ത്യൻ വേഷധാരികളായ കോളനി നിവാസികൾ കപ്പലിലുണ്ടായിരുന്ന തേയിലപ്പെട്ടികൾ കടലിലെറിഞ്ഞു.
- കോണ്ടിനെന്റൽ കോൺഗ്രസ് (ഫിലാഡൽഫിയ):
- ഒന്നാം കോൺഗ്രസ് (1774): ബ്രിട്ടനുമായുള്ള വ്യാപാരം നിർത്തിവെക്കാൻ തീരുമാനിച്ചു.
- രണ്ടാം കോൺഗ്രസ് (1775): ജോർജ്ജ് വാഷിംഗ്ടണിനെ സൈന്യാധിപനായി നിയമിച്ചു. യുദ്ധം ഒഴിവാക്കാൻ രാജാവിന് 'ഒലീവ് ബ്രാഞ്ച് പെറ്റീഷൻ' അയച്ചെങ്കിലും അത് നിരസിക്കപ്പെട്ടു.
- മൂന്നാം കോൺഗ്രസ് (1776): 1776 ജൂലൈ 4-ന് പ്രശസ്തമായ 'സ്വാതന്ത്ര്യ പ്രഖ്യാപനം' നടത്തി.

സ്വാതന്ത്ര്യവും ഭരണഘടനയും

- വിജയം: ജോർജ്ജ് വാഷിംഗ്ടണിന്റെ നേതൃത്വത്തിൽ ഫ്രാൻസ്, സ്പെയിൻ എന്നിവരുടെ സഹായത്തോടെ 1781-ൽ യോർക്ക് ടൗണിൽ വെച്ച് അമേരിക്കൻ സൈന്യം ബ്രിട്ടീഷ് സൈന്യത്തെ പരാജയപ്പെടുത്തി.
- പാരീസ് ഉടമ്പടി (1783): അമേരിക്കയുടെ സ്വാതന്ത്ര്യം ബ്രിട്ടൻ അംഗീകരിച്ചു.
- ഭരണഘടന: ജോർജ്ജ് വാഷിംഗ്ടണിന്റെ നേതൃത്വത്തിൽ നടന്ന ഭരണഘടനാ കൺവെൻഷനിൽ ഭരണഘടന രൂപീകരിച്ചു. ഇത് ലോകത്തിലെ ആദ്യത്തെ രേഖപ്പെടുത്തപ്പെട്ട ഭരണഘടനയാണ്.
- ഫെഡറൽ സംവിധാനം: കേന്ദ്ര സർക്കാരിനും സംസ്ഥാന സർക്കാരിനും അധികാരം വിഭജിച്ചു നൽകി.
- ജോർജ്ജ് വാഷിംഗ്ടൺ അമേരിക്കയുടെ ആദ്യ പ്രസിഡന്റായി.

2. അമേരിക്കൻ ആഭ്യന്തരയുദ്ധം : സംഘർഷത്തിനുള്ള കാരണങ്ങൾ (വടക്കൻ സംസ്ഥാനങ്ങളും തെക്കൻ സംസ്ഥാനങ്ങളും)

- സാമ്പത്തികാവസ്ഥ: വടക്കൻ സംസ്ഥാനങ്ങൾ വ്യവസായത്തെയും വാണിജ്യത്തെയും ആശ്രയിച്ചപ്പോൾ, തെക്കൻ സംസ്ഥാനങ്ങൾ കൃഷിയെയും തോട്ടങ്ങളെയും ആശ്രയിച്ചു.
- അടിമത്തം: തെക്കൻ സംസ്ഥാനങ്ങൾ തോട്ടം ജോലികൾക്കായി അടിമത്തത്തെ അനുകൂലിച്ചു, എന്നാൽ വടക്കൻ സംസ്ഥാനങ്ങൾ ഇതിനെ എതിർത്തു.

യുദ്ധത്തിന്റെ ഗതി

- അടിമത്ത വിരുദ്ധ പ്രസ്ഥാനം: ജോൺ വൂൾമാൻ തുടങ്ങിയവരുടെ പ്രവർത്തനങ്ങളും ഹാരിയറ്റ് ബീച്ചർ സ്റ്റോയുടെ 'അങ്കിൾ ടോംസ് ക്യാബിൻ' എന്ന പുസ്തകവും അടിമത്ത വിരുദ്ധ മനോഭാവം ശക്തമാക്കി.
- ലിങ്കന്റെ വിജയം: 1860-ൽ എബ്രഹാം ലിങ്കൺ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു.

- വേർപിരിയൽ: സൗത്ത് കരോലിനയുടെ നേതൃത്വത്തിൽ തെക്കൻ സംസ്ഥാനങ്ങൾ അമേരിക്കൻ യൂണിയനിൽ നിന്ന് വേർപിരിഞ്ഞ് 'കോൺഫെഡറേറ്റ് സ്റ്റേറ്റ്സ് ഓഫ് അമേരിക്ക' രൂപീകരിച്ചു.
- യുദ്ധം: 1861-ൽ യുദ്ധം ആരംഭിച്ചു. 1863-ൽ ഗെറ്റിസ്ബർഗ് യുദ്ധത്തിൽ വടക്കൻ സൈന്യം വിജയിച്ചു.
- മോചനം: 1863 ജനുവരി 1-ന് എബ്രഹാം ലിങ്കൺ 'അടിമത്ത വിമോചന വിളംബരം' (Emancipation Proclamation) നടത്തി.

3. റഷ്യൻ വിപ്ലവം : കാരണങ്ങൾ:

- ഏകാധിപത്യം: സ്വാതന്ത്ര്യത്തെ അടിച്ചമർത്തുന്ന സാർ ചക്രവർത്തിമാരുടെ ഭരണമായിരുന്നു റഷ്യയിൽ.
- സാമൂഹിക ദുരിതം: തൊഴിലാളികൾക്ക് കുറഞ്ഞ വേതനവും മോശം ജീവിതസാഹചര്യങ്ങളുമായിരുന്നു. കർഷകർക്ക് സ്വന്തമായി ഭൂമിയില്ലായിരുന്നു.
- രക്തരൂക്ഷിതമായ ഞായറാഴ്ച (1905): സങ്കടഹർജി നൽകാൻ വന്ന തൊഴിലാളികൾക്ക് നേരെ സൈന്യം വെടിയുതിർക്കുകയും നൂറുകണക്കിന് ആളുകൾ കൊല്ലപ്പെടുകയും ചെയ്തു.
  ഒന്നാം ലോകമഹായുദ്ധം: യുദ്ധത്തിൽ പങ്കെടുത്തത് ഭക്ഷണക്ഷാമത്തിനും വലിയ നാശനഷ്ടങ്ങൾക്കും കാരണമായി.

ആശയങ്ങളും പാർട്ടികളും

- മാർക്സിസം: തൊഴിലാളികളുടെ ആധിപത്യത്തിന് വേണ്ടി വാദിച്ച കാൾ മാർക്സിന്റെയും ഫ്രെഡറിക് ഏംഗൽസിന്റെയും ആശയങ്ങൾ.
- പാർട്ടികൾ: സോഷ്യൽ ഡെമോക്രാറ്റിക് വർക്കേഴ്സ് പാർട്ടി 'ബോൾഷെവിക്' (ലെനിന്റെ നേതൃത്വത്തിൽ), 'മെൻഷെവിക്' എന്നിങ്ങനെ രണ്ടായി പിരിഞ്ഞു.

വിപ്ലവത്തിന്റെ ഘട്ടങ്ങൾ (1917)

- ഫെബ്രുവരി വിപ്ലവം: പെട്രോഗ്രാഡിൽ തൊഴിലാളികൾ പണിമുടക്കി. സാർ നിക്കോളാസ് രണ്ടാമൻ അധികാരം ഒഴിഞ്ഞു. അലക്സാണ്ടർ കെറൻസ്കിയുടെ നേതൃത്വത്തിൽ താൽക്കാലിക സർക്കാർ രൂപീകരിച്ചു.
- ഒക്ടോബർ വിപ്ലവം: ലെനിനും ബോൾഷെവിക്കുകളും താൽക്കാലിക സർക്കാരിനെ എതിർത്തു. "എല്ലാ അധികാരവും സോവിയറ്റുകൾക്ക്" എന്ന മുദ്രാവാക്യം അവർ ഉയർത്തി. ബോൾഷെവിക്കുകൾ വിന്റർ പാലസ് പിടിച്ചടക്കി കെറൻസ്കി സർക്കാരിനെ പുറത്താക്കി.

ഭരണ പരിഷ്കാരങ്ങൾ

- റഷ്യ ഒന്നാം ലോകമഹായുദ്ധത്തിൽ നിന്ന് പിന്മാറി.
- സ്വകാര്യ ഭൂമി കണ്ടുകെട്ടി കർഷകർക്ക് വിതരണം ചെയ്തു.
- ഫാക്ടറികൾ തൊഴിലാളി കമ്മിറ്റികൾക്ക് കൈമാറി.
- പുതിയ സാമ്പത്തിക നയം (NEP) 1921: സമ്പദ്‌വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കാൻ സ്വകാര്യ വ്യാപാരത്തിൽ ഭാഗികമായ ഇളവുകൾ നൽകി.
- USSR: സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ലിക്കുകളുടെ യൂണിയൻ രൂപീകരിച്ചു.

4. ചൈനീസ് വിപ്ലവം : വിദേശ ആധിപത്യം

- അഫീം വ്യാപാരം: യൂറോപ്യൻ വ്യാപാരികൾ ചൈനയിൽ അഫീം വിറ്റ് ലാഭമുണ്ടാക്കി, ഇത് ജനങ്ങളുടെ ആരോഗ്യത്തെ നശിപ്പിച്ചു.
- അഫീം യുദ്ധം: ചൈന ബ്രിട്ടനോട് പരാജയപ്പെടുകയും നാൻകിംഗ് ഉടമ്പടി പ്രകാരം വിദേശ വ്യാപാരത്തിനായി തുറമുഖങ്ങൾ തുറന്നുകൊടുക്കാൻ നിർബന്ധിതരാവുകയും ചെയ്തു.
- ബോക്സർ കലാപം: വിദേശശക്തികൾക്കെതിരെ ചൈനയിലെ ഒരു രഹസ്യസംഘടന നടത്തിയ പ്രതിരോധ സമരം.

1911-ലെ വിപ്ലവം

- ആദർശങ്ങൾ: ദേശീയത, ജനാധിപത്യം, സോഷ്യലിസം (സൺ യാറ്റ് സെൻ).
- ഫലം: മഞ്ചു രാജവംശം പുറത്താക്കപ്പെടുകയും ചൈന ഒരു റിപ്പബ്ലിക്കാവുകയും ചെയ്തു.

**കമ്മ്യൂണിസ്റ്റ് വിപ്ലവം**

- ഷിയാങ് കൈഷക്: സൺ യാറ്റ് സെന്നിന് ശേഷം കുമിംഗ്താങ് പാർട്ടിയുടെ നേതൃത്വം ഏറ്റെടുത്തു. അദ്ദേഹത്തിന്റെ ഭരണം വിദേശശക്തികളെയും മുതലാളിമാരെയും സഹായിക്കുന്നതായിരുന്നു.
- മാവോ സേതുങ്: ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ (CCP) നേതാവ്. അദ്ദേഹം കർഷകരെയും തൊഴിലാളികളെയും സംഘടിപ്പിച്ചു.
- ലോംഗ് മാർച്ച് (1934): ശത്രുക്കളുടെ ആക്രമണത്തിൽ നിന്ന് രക്ഷപ്പെടാൻ മാവോയുടെ നേതൃത്വത്തിൽ നടത്തിയ ചരിത്രപ്രധാനമായ യാത്ര.
- പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈന (1949): റെഡ് ആർമി അധികാരം പിടിച്ചെടുത്തു. 1949 ഒക്ടോബർ 1-ന് മാവോ പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈന രൂപീകരണം പ്രഖ്യാപിച്ചു.